ഗവ. എൽ. പി. സ്കൂൾ
അട്ടച്ചാക്കൽ

സബ്ജില്ല - കോന്നി

# അക്കാദമിക മാസ്റ്റർ പ്ലാൻ.

## 2025- 26

| ക്ലാസ് | വായന<br>മികച്ച വായനക്കാർ | അധ്യാപികയുടെ സഹായത്തോടെ | പിന്നോക്കം നിൽക്കുന്നവർ | ലേഖനം<br>മികച്ച പ്രകടനം | പിന്തുണയോടെ മെച്ചപ്പെടുത്തൽ | പിന്നോക്കം നിൽക്കുന്നവർ |
|---|---|---|---|---|---|---|
| II | 50% | 40% | 10% | 50% | 40% | 10% |
| III | 40% | 40% | 20% | 40% | 40% | 20% |
| IV | 50% | 35% | 15% | 50% | 35% | 15% |
| | | | | | | |

## അക്കാദമിക പ്രവർത്തനങ്ങൾ.

### അക്കാദമിക മാസ്റ്റർ പ്ലാൻ നിർവഹണ സമിതി (2024)

### ഭാഷാപരമായ പ്രവർത്തനങ്ങൾ (എൽ. പി)

പ്രവർത്തനത്തിന്റെ പേര്: വായന വസന്തം

മേഖല : 1, 2, 3,4 ക്ലാസുകളിലെ കുട്ടികളുടെ വായന, ലേഖനം എന്നിവ മെച്ചപ്പെടുത്തൽ.

അവസ്ഥ വിശകലനം.

* 30% കുട്ടികൾക്ക് ഒഴുക്കോടെ വായിക്കാൻ കഴിയുന്നില്ല.
* സ്വതന്ത്രമായി വായിക്കുന്നതിനും സ്വന്തമായി രചനകൾ നടത്തുന്നതിനു കുട്ടികൾ പിന്നോക്കമാണ്.

നാലാം ക്ലാസിലെത്തുന്നതോടെ മികച്ച വായനക്കാരുടെയും എഴുതാൻ കഴിയുന്നവരുടെയും എണ്ണം വർദ്ധിക്കുന്നുണ്ട്

## വ്യവഹാര രൂപങ്ങളെ അടിസ്ഥാനമാക്കിയുള്ള ദത്തവിശകലനം

| വ്യവഹാരരൂപം | ഗ്രേഡ് A | ഗ്രേഡ് B | ഗ്രേഡ് സി | ഗ്രേഡ് D |
|---|---|---|---|---|
| വിവരണം | 25% | 40% | 20% | 15% |
| കത്ത് | 22% | 38% | 20% | 20% |
| സംഭാഷണം | 26% | 34% | 20% | 20% |
| വർണന | 20% | 30% | 30% | 20% |
| ആസ്വാദനക്കുറിപ്പ് | 15% | 20% | 40% | 25% |

വിവരണം, കത്ത്, സംഭാഷണം ഒഴികെ മറ്റെല്ലാ മേഖലകളിലും ഭൂരിപക്ഷം കുട്ടികളും മികച്ച നിലവാരത്തിലല്ല.

പ്രതീക്ഷിത പഠനനേട്ടങ്ങൾ

- ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികളെല്ലാവരും പുസ്തകമില്ലാത്ത ചെറുരചനകൾ, പുസ്തകങ്ങൾ എന്നിവ പരസഹായമില്ലാതെ വായിച്ച് അർത്ഥം ഗ്രഹിക്കാൻ കഴിവു നേടുന്നതിന് (സ്വതന്ത്ര വായനാശേഷി)
- രണ്ടാം ക്ലാസിലെ കുട്ടികളെല്ലാവരും സ്വന്തം ആശയങ്ങളും അനുഭവങ്ങളും ലളിതമായ വാക്യങ്ങളിൽ തെറ്റില്ലാതെ എഴുതി പ്രകാശിപ്പിക്കുന്നതിന്
- മൂന്ന്, നാല് ക്ലാസുകളിലെ കുട്ടികൾ ആശയ വ്യക്തതയോടും ഉച്ചാരണ ശുദ്ധിയോടും കൂടി വാക്യങ്ങൾ, വാക്കുകൾ, അക്ഷരങ്ങൾ എന്നിവ വായിക്കുന്നതിന്
- കുട്ടിക്കവിതകൾ, നാടൻപാട്ടുകൾ, വായ്ത്താരികൾ ഇവ സംഘമായും ഒറ്റയ്ക്കും വായിക്കുന്നതിനും ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും
- മികച്ച ഭാഷാ ശേഷി നേടിയതിന്റെ തെളിവുകൾ പൊതു സമൂഹവുമായി പങ്കുവെയ്ക്കുന്നതിന് (കഥ, കവിത, ആസ്വാദനക്കുറിപ്പ്, വിവരണം, കവിതാലാപനം, കഥാവിവരണം, പുസ്തക പരിചയം)
- പുസ്തകങ്ങൾ വായിച്ച് ലഘു കുറിപ്പുകൾ തയ്യാറാക്കുന്നതിന്
- ക്ലാസ്മുറികൾ കുട്ടികളുടെ ഉൽപ്പന്നങ്ങളാൽ സമ്പുഷ്ട മാക്കുന്നതിന്
- ക്ലാസ് ലൈബ്രറിയുടെ ഉപയോഗം ഫലപ്രദമാക്കുന്നതിന്

സാമ്പത്തികം - 7500/-

കാലയളവ് - 5 മാസം.

മോണിറ്ററിംഗ് - ഹെഡ്മാസ്റ്റർ, SRG കൺവീനർ.

| ക്ലാസ് | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | ചുമതല | നിർവഹണ കാലം | | | | |
|---|---|---|---|---|---|---|---|---|
| | | | | JAN | FEB | AUG MAR | SPT APRL | OCT |
| | | | | OCT | NOV | DEC | JAN | FEB |
| I & II<br>III & IV | * നിലവാരം കണ്ടെത്തൽ | * വായന, ലേഖനം എന്നി ശേഷികളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പാകുന്നു.<br>* കഥ, കവിത, ചിത്രരചന, പാട്ട്, എന്നിവയിലെ താത്പര്യം കണ്ടെത്തി ഗ്രൂപ്പാക്കുന്നു. | ക്ലാസ് ടീച്ചർ | ✓ | | | | |
| I & II<br>III & IV | അക്ഷര കാർഡുകൾ വായനാ കാർഡുകൾ എന്നിവ തയ്യാറാക്കൽ | * വായനാ കാർഡുകൾ<br>* അക്ഷരകാർഡുകൾ എന്നിവ തയ്യാറാക്കൽ<br>കുട്ടികളുടെ നിലവാരം പരിഗണിച്ച് വ്യത്യസ്ത നിലവാരത്തിലുള്ളതും വ്യത്യസ്ത വ്യവഹാര രൂപത്തിലുള്ളതുമായ കാർഡുകൾ അധ്യാപിക കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെയും തയ്യാറാക്കുന്നു. | ക്ലാസ് ടീച്ചർ | ✓ | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| I & II | വാക്യങ്ങൾ കണ്ടെത്താം. | • അക്ഷരക്കാർഡുകൾ ഉപയോഗിച്ച് കുട്ടികൾ പദങ്ങൾ കണ്ടെത്തുന്നു.<br>• ഓരോ കുട്ടിക്കും ഒരു ദിവസം ഒരു വായനക്കാർഡ് നൽകുന്നു.<br>• കുഞ്ഞുപുസ്തകം വായിപ്പിക്കൽ<br>• വരികളിലൂടെ വിരൽ തൊട്ട് വായന വാക്യങ്ങൾ കണ്ടെത്തി എഴുതൽ | ക്ലാസ് ടീച്ചർ (SRG) | | | | |
| III & IV | ചാർട്ടുകൾ തയ്യാറാക്കൽ (കവിത, കഥ, വിവരണം) | • കഥ, കവിത, വിവരണം എന്നിവ ചാർട്ടിൽ എഴുതുന്നു.<br>• എഴുതിയവ കുട്ടികൾ സംഘമായും വ്യക്തിഗതമായി വായിക്കുന്നു. | | | | | |
| III & IV | പുസ്തക വായന | • പുസ്തകങ്ങൾ വിതരണം ചെയ്യുന്നു.<br>• വായിച്ച പുസ്തകങ്ങളിൽ നിന്നും കഥാപാത്രങ്ങളെ കണ്ടെത്തി പറയുന്നു<br>• വായിച്ചതിനെ ചിത്രീകരിക്കൽ<br>• ഇഷ്ടപ്പെട്ട കാര്യങ്ങൾ കുറിക്കൽ<br>• കഥാപാത്രമായി മാറൽ<br>• അഭിനയം. | | | | | |
| I, II, III, IV | ക്ലാസ് ലൈബ്രറി വികസനം | • ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>• കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ കണ്ടെത്തൽ | | | | | |

(12) (11)

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | * അസംബ്ലിയിൽ പുസ്തക-പരിചയം നടത്തൽ.<br>* മികച്ച വായനക്കാർക്ക് ക്ലാസ്ടിൽ പ്രോത്സാഹനം നൽകൽ | | | | | | |
| I, II, III, IV | മത്സരം സംഘടിപ്പിക്കൽ | * അക്ഷരങ്ങൾ ചേർന്നുവരുന്ന പദങ്ങൾ കണ്ടെത്തൽ<br>* വായന, മത്സരം<br>* വായനാക്കുറിപ്പ്<br>* ക്വിസ്<br>* വ്യത്യസ്ത വ്യവഹാരരൂപങ്ങൾ തയ്യാറാക്കൽ (കഥ, കവിത, നോട്ടീസ്, പോസ്റ്റർ, നാടകം) | | | | ✓ | ✓ | |
| III & IV | കുട്ടി എഴുത്തുകാർ രചന ശിൽപശാല | * വിഷയങ്ങളുടെ അടിസ്ഥാനത്തിൽ സ്വതന്ത്ര രചനയ്ക്ക് അവസരം.<br>* കഥ, കവിത, ചിത്രീകരണം | | | | ✓ | ✓ | |
| II, III, IV | പാട്ട് വായന | കവിതകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. | | | ✓ | ✓ | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | കുട്ടികൾ വ്യക്തിഗതമായും സംഘമായും വായിക്കുന്നു.<br>• ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തൽ<br>• കവിതാ ബുക്കിലേക്ക് എഴുതൽ | | | | | | |
| III, IV, V | വിളവ് അവതരണം. | • വിളവുത്സവത്തിൽ കുട്ടികൾ അവതരണം നടത്തുന്നു.<br>• തെളിവുകൾ പ്രദർശനം<br>• ഇൻലന്റ് മാസിക പ്രകാശനം<br>• സ്കൂൾ പത്രം പ്രകാശനം | Jun July | Aug | SEP | OCT | NOV | DE |
| I & II | • പാട്ടരങ്ങ്<br>• സംയുക്ത ഡയറി<br>• വായനോത്സവം<br>• രചനോത്സവം<br>• റീഡേഴ്സ് തിയേറ്റർ<br>• സ്വതന്ത്ര രചനകൾ<br>• പതിപ്പ്. | • കുട്ടികൾ അവർക്കറിയാവുന്ന പാട്ടുകൾ ചൊല്ലുന്നു.<br>• ടീച്ചർ പാടുന്ന പാട്ടിന് ചുവട് വെച്ച് കൂട്ടമായി പാടുന്നു.<br>• സർഗവേള, അസംബ്ലി ഇവയിൽ കുട്ടികൾ അവർക്കിഷ്ടപ്പെട്ട പാട്ട് ഒറ്റയ്ക്കും കൂട്ടായും ചേർന്ന് പാടുന്നു.<br>• സ്വതന്ത്ര രചനകൾ സമൂഹവുമായി പങ്കിടുന്നു.<br>• സംയുക്ത ഡയറി<br>• സാങ്കല്പിക ഡയറി | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | * ചിത്രകഥ പതിപ്പ്<br>* മാഗസിൻ<br>* കുഞ്ഞെഴുത്തുകൾ | | | | | | |
| | | | | | | | | |
| | | | | നിർവഹണം. | | | | |
| ക്ലാസ് | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | JUN/JULY | AUG | SEP | OCT | NOV |
| III & IV. | • കാവ്യോത്സവം. | • താളവൈവിധ്യമുള്ള പാട്ടുകൾ, കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി ഒറ്റയ്ക്കും സംഘമായും അവതരണം.<br>• കവിതയുടെ താളത്തോട് പൊരുത്തപ്പെടുന്ന രീതിയിൽ കവിതയുടെ ആശയവുമായി ബന്ധപ്പെട്ട വാക്യങ്ങളും വരികളും കൂട്ടിച്ചേർത്ത് എഴുതാനും പാടാനും അവസരം.<br>• സമാന ആശയമുള്ള കവിതകളും പാട്ടുകളും കണ്ടെത്തുന്നു | ക്ലാസ് ടീച്ചർ | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| III & IV | * സർഗാത്മക ഡയറി | *ഡയറിയെഴുത്തിനായി ഒരു കാഴ്ച/ സംഭവം തിരഞ്ഞെടുക്കുന്നു.<br>*ഭാവാത്മകമായി ചിത്രീകരിക്കുന്നു.<br>* എഴുത്തിന് അനുബന്ധമായി രംഗ ചിത്രീകരണം. | | ✓ | ✓ | ✓ | ✓ |
| III & IV | റീഡേഴ്സ് തിയേറ്റർ | * പാഠപുസ്തകത്തിലെ കഥകൾ വായനയ്ക്ക് നൽകുന്നു.<br>* ആവശ്യമായ കൂട്ടിച്ചേർക്കൽ വരുത്തി സ്ക്രിപ്റ്റ്<br>* സംഭാഷണങ്ങൾ നാടകീയമായി വായിച്ചവതരിപ്പിക്കുന്നു. | ✓ | ✓ | ✓ | ✓ | ✓ |

(16)

## ഈസി ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം ലഭിക്കുന്നതിന് ആവശ്യമായ ആസൂത്രിത പദ്ധതിയാണ് ഈസി ഇംഗ്ലീഷ്. ക്ലാസ്റൂമിലെ വസ്തുക്കൾ നിത്യോപയോഗ വസ്തുക്കൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയുടെ ഇംഗ്ലീഷ് പദങ്ങൾ കണ്ടെത്തുന്നു. ഇവയുടെ ഇംഗ്ലീഷ് പദങ്ങൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. ICT സഹായത്തോടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ ഇംഗ്ലീഷ് പദ്യങ്ങളും കഥകളും അവതരിപ്പിക്കുന്നു.

## ഇംഗ്ലീഷ് നിഘണ്ടു

ഓരോ ദിവസത്തെയും പാഠഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന പദങ്ങൾ നോട്ടുബുക്കിൽ എഴുതി സൂക്ഷിക്കുന്നു. പദങ്ങളും ഉച്ചാരണവും മനസ്സിലാക്കുന്നു. ന്യൂസ് പേപ്പറിൽ നിന്നു ലഭിക്കുന്ന പദങ്ങളും ഈ നോട്ടുബുക്കിൽ എഴുതി സൂക്ഷിക്കുന്നു. ഈ പദങ്ങളുടെ അർത്ഥം കണ്ടെത്തി എഴുതുന്നു. അക്ഷരമാലാ ക്രമത്തിൽ ഈ വാക്കുകൾ ക്രമീകരിക്കുകയും ചെയ്യാം. നിഘണ്ടു ക്ലാസ് അധ്യാപകർ പരിശോധിക്കുകയും വേണ്ട തിരുത്തലുകൾ നടത്തുകയും ചെയ്യുന്നു.

## ദിവസം 5 വാക്കുകൾ

ഇംഗ്ലീഷ് ഭാഷയിലെ വാക്കുകൾ കണ്ടെത്തുന്നതിനുള്ള ലഘുവായ മാർഗ്ഗമാണിത്. ഓരോ അക്ഷരത്തിലും തുടങ്ങുന്ന 5 വാക്കുകൾ കണ്ടെത്തുന്നു, ഓരോ ദിവസവും കണ്ടെത്തിയ വാക്കുകൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. എല്ലാം അക്ഷരത്തിലുമുള്ള വാക്കുകൾ കണ്ടെത്തിയ ശേഷം വീണ്ടും ഇതേ ക്രമത്തിൽ പുതിയവ കണ്ടെത്തി തുടരുന്നു.

## പസിലുകൾ

ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ പ്രാവീണ്യം ലഭിക്കുവാൻ പദപരിചയം, പസിൽ തുടങ്ങിയ പ്രവർത്തനം ആസൂത്രണം ചെയ്യുന്ന വിട്ടുപോയ അക്ഷരം കണ്ടെത്തി എഴുതുന്നു. ചില പ്രത്യേക നിർദേശങ്ങളിലൂടെ വാക്കുകൾ കണ്ടെത്തുന്നു. പദങ്ങൾ ക്രമീകരിച്ച് വാക്യങ്ങളുണ്ടാക്കുന്നു.

## ENGLISH DAY.

ആഴ്ചയിൽ ഒരു ദിവസവും പ്രതിജ്ഞയും. അസംബ്ലിയിലെ എല്ലാ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ മാത്രമാക്കുന്നു. അന്നേ ദിവസം ഇംഗ്ലീഷ് പത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ വായിക്കുകയും ചെയ്യുന്നു.

# ഗണിത പഠനം

ഗണിത പഠനം രസകരമാക്കാൻ ധാരാളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

* ഗണിത പാട്ടുകൾ.
* ഗണിത കേളികൾ
* കുട്ടികളുടെ ബാങ്ക്
* ഗണിത പാർക്ക്
* ബാല
* ഗണിത മാജിക്
* കലണ്ടർ വിശേഷം
* കുസൃതി കണക്കുകൾ
* ഗണിത നാടകം.
* പസിൽ
* വർക്ക് ഷീറ്റുകൾ

## ഗണിതപാട്ടുകൾ.

ഗണിതവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരിച്ച് അവതരിപ്പിക്കുന്നു. പാഠഭാഗങ്ങളിൽ ചില പാട്ടുകൾ കൊടുത്തിട്ടുണ്ട്. പരമാവധി പാട്ടുകൾ ശേഖരിച്ച് 'ഗണിത പാട്ട്' പുസ്തകം തയ്യാറാക്കുന്നു.

## ഗണിത കേളി

കളി പ്രവർത്തനങ്ങളിലൂടെ ഗണിതം കുട്ടികളിലെത്തിക്കുന്ന രീതിയാണിത്. ഏണിയും പാമ്പും കാരംസ്, ചീട്ടുകളി, ഗോലികളി, കുട്ടും കര, ഗുണനം എന്നിവ കളി പ്രവർത്തനങ്ങളിലൂടെ ഗണിതം പഠിപ്പിക്കാവുന്ന മാർഗങ്ങളാണ്.

## കലണ്ടർ വിശേഷം

ഒരു കലണ്ടറിന്റെ ഉപയോഗം ഗണിതത്തിൽ എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്ന് കലണ്ടർ കണക്കുകൾ കാണിക്കുന്നു. ദിവസം, മാസം, വർഷം, പലതരം വർഷങ്ങൾ, മാസങ്ങൾ എന്നിവ പരിചയപ്പെടാൻ കലണ്ടർ സഹായിക്കുന്നു. ഒന്നാം ക്ലാസു മുതൽ എണ്ണൽ സംഖ്യാ പഠനത്തിന് കലണ്ടർ സഹായിക്കും. ഗണിതത്തിൽ കലണ്ടറിന് വളരെയധികം പ്രാധാന്യമുണ്ട്.

## കുസൃതി കണക്കുകൾ

ഗണിതവുമായി ബന്ധപ്പെട്ട രസകരമായ പ്രശ്നങ്ങളാണ് കുസൃതികണക്കുകൾ ഒന്നാം ക്ലാസ്സു മുതൽ നാലാം ക്ലാസു വരെയുള്ള കുട്ടികളുടെ ഗണിത പഠനം ഉല്ലാസകരമാക്കാൻ കുസൃതി കണക്കുകൾ സഹായിക്കുന്നു.

## വർക്ക് ഷീറ്റുകൾ

ഓരോ ക്ലാസിലും ഓരോ അധ്യായത്തിലും ആവശ്യമായ വർക്ക് ഷീറ്റുകൾ തയാറാക്കുക വഴി ഗണിതപഠനം രസകരമാക്കാം. വർക്ക് ഷീറ്റുകളും മറ്റും തയാറാക്കാൻ SS.A യുടെ സ്കൂൾ ഗ്രാന്റ് ഉപയോഗിക്കാം.

## പരിസര പഠനം

പരിസരപഠനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ അറിവുവർധിപ്പിക്കുന്നതിനും പഠനം എളുപ്പമാകുന്നതിനും ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്ന പ്രവർത്തനങ്ങളാണ് താഴെപ്പറയുന്ന.

• പഠന യാത്രകൾ

• ശാസ്ത്രമേള
• പൊതുസ്ഥാപനങ്ങൾ സന്ദർശനം
• നാണയ ശേഖരണം
• സ്റ്റാമ്പ് ശേഖരണം
• വിത്ത് ശേഖരണം
• പക്ഷിനിരീക്ഷണം
• ആൽബം തയാറാക്കൽ
• ശാസ്ത്ര പ്രദർശനം
• ജൈവ വൈവിധ്യ പാർക്ക്
• ഹരിത വിദ്യാലയം
• പ്ലാസ്റ്റിക് രഹിത ക്യാമ്പസ്
• ലഹരി വിമുക്ത ക്യാമ്പസ്

## പൊതു സ്ഥാപനങ്ങൾ സന്ദർശനം.

സ്ഥാപനങ്ങളുടെ പ്രവർത്തനം. നേരിട്ടു മനസിലാക്കാൻ പൊതുസ്ഥാപനങ്ങൾ സന്ദർശിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. പോസ്റ്റോഫീസ്, പോലീസ് സ്റ്റേഷൻ, ഫോറസ്റ്റ് സ്റ്റേഷൻ, മാവേലി സ്റ്റോർ, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് തുടങ്ങിയ പൊതു സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ടുകണ്ട് പഠനം നടത്താൻ അവസരം നൽകുന്നു.

## വിത്ത് ശേഖരണം

നിലവിൽ കുട്ടികൾ അറിഞ്ഞിരിക്കേണ്ട വസ്തുതയാണ് വിത്തു വിതരണവും. പുതിയ തലമുറയുടെ ഉത്ഭവവും. വിവിധയിനം വിത്തുകളെ നേരിട്ട് പരിചയപ്പെടുകയും അവയുടെ വിതരണ രീതിയും വിത്തു മുളയ്ക്കുന്ന രീതിയും മനസ്സിലാക്കണം. നേരറിവ് ലഭ്യമാകുന്നതിനും വിത്ത് ശേഖരണത്തിലൂടെയാണ് വിത്ത് മുളയ്ക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ, ഏകബീജപത്ര സസ്യം, ദ്വിബീജപത്ര സസ്യങ്ങൾ എന്നിവ മനസിലാക്കുന്നതിനും വിത്ത് ശേഖരണം സഹായിക്കുന്നു.

## പക്ഷി നിരീക്ഷണം / ജീവജാല നിരീക്ഷണം

നിരീക്ഷണം എന്ന ശേഷി ശാസ്ത്രപഠനത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നു. വിവിധയിനം പക്ഷികൾ, ചെടികൾ, മരങ്ങൾ, മൃഗങ്ങൾ, ഇഴജന്തുക്കൾ ശലഭങ്ങൾ എന്നിവയെ നിരീക്ഷിക്കേണ്ടതുണ്ട്

## ആൽബം തയ്യാറാക്കൽ.

ആൽബങ്ങൾ പല തരത്തിലുണ്ട്. പരിസര പഠന മേഖലയായതിനാൽ പക്ഷികളുടെ ആൽബം, മൃഗങ്ങൾ, സസ്യങ്ങൾ, ഇലകൾ, കലാരൂപങ്ങൾ, പൂക്കൾ, പലതരം ജീവികൾ എന്നിവയുടെ ആൽബം തയ്യാറാക്കാം.

## ശാസ്ത്ര പ്രദർശനം

ശാസ്ത്ര പഠനത്തിന് സഹായകമായ രീതിയിൽ ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കണം. ധാരാളം ഉപകരണങ്ങൾ കുട്ടികൾക്ക് നേരിട്ട് മനസിലാക്കാൻ ഇത് സഹായിക്കും. കുട്ടികൾ ശേഖരിച്ച വസ്തുക്കൾ വർഷത്തിന്റെ അവസാനം പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.

## അധിഷ്ഠിത വിദ്യാഭ്യാസം

പഠനം എളുപ്പവും രസകരവുമാക്കുന്നതിനായി ലാപ്ടോപ്പ്, LCD പ്രൊജക്ടർ എന്നിവ ഉപയോഗിച്ച് ലഭ്യമായ വിവരങ്ങൾ ഇന്റർനെറ്റിൽ നിന്നും ലഭ്യമാക്കുന്ന SCERT പുറത്തിറക്കിയ 'കളിപ്പെട്ടി' ഉപയോഗിച്ച് കമ്പ്യൂട്ടർ പഠനവും നല്ല നിലയിൽ നടന്നു വരുന്നു.

- എല്ലാ കുട്ടികൾക്കും അറബിഭാഷാപഠനം

അറബി ഭാഷ വളരെ ലളിതമായി കൈകാര്യം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്ന യോഗ്യനായ ഒരു അധ്യാപകനെയും ഇതിനായി നിയമിച്ചിട്ടുണ്ട്.

- പഠനയാത്രകൾ

പ്രകൃതിയിലെ കാഴ്ചകളും പാടങ്ങളിലെ പ്രവർത്തനങ്ങളുടെ നേർകാഴ്ചയും ഒരുക്കുന്നതിനായി പഠനയാത്രകൾ സംഘടിപ്പിക്കുന്ന പ്രൈമറി കുട്ടികൾക്ക് പ്രത്യേകമായും പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് പ്രത്യേകമായും പഠനയാത്രകൾ നടത്തിവരുന്നു.

## കലാ കായിക പ്രവർത്തനങ്ങൾ

കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനായി ടാലന്റ് ലാബുകൾ രൂപീകരിച്ചിട്ടുണ്ട് അതുപോലെ തന്നെ വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ അടിസ്ഥാനത്തിൽ വിവിധതരം പ്രവർത്തനങ്ങൾ നടന്നു വരുന്നു ഓരോ ആഴ്ചയിലും സർഗവേളകൾ സംഘടിപ്പിക്കാറുണ്ട്.

## ഗണിതലാബ് / ശാസ്ത്രലാബ്

ഗണിതലാബ്, ശാസ്ത്രലാബ് ലൈബ്രറി എന്നിവ ക്രമീകരിക്കുന്നതിന് നിലവിൽ കെട്ടിടങ്ങൾ ലഭ്യമല്ല.